# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./ബിപി-1219/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,ആലപ്പുഴ
3) ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ-എ.എൽ.പി./ബിപി-1219/2023 തീയ്യതി: 03/11/2023

# ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയകുമാർ എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 27-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-09-2023 | 27-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മായ വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ലക്ഷ്മീകാന്ത് പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗീത ഷാജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സക്കീർ ഹുസൈൻ എച്ച് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ആർ റൂബി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തുറവൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ആഷ എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 21-07-2022 |
| ശ്രീ. അജിത് കുമാർ എം ആർ | പട്ടികജാതി വികസന ഓഫീസർ | 22-07-2022 | 31-03-2023 |
| ശ്രീമതി. സാഹി എസ് എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 09-12-2022 |
| വേക്കന്റ് | ശിശു വികസന പദ്ധതി ഓഫീസർ | 10-12-2022 | 20-12-2022 |
| ശ്രീമതി. ആശാറാണി പി എസ് | ശിശു വികസന പദ്ധതി ഓഫീസർ | 21-12-2022 | 31-03-2023 |
| ശ്രീമതി. പ്രവീണ ജി | ക്ഷീര വികസന ഓഫീസർ | 01-04-2022 | 23-06-2022 |
| ശ്രീ. സതീഷ് കുമാർ കെ പി | ക്ഷീര വികസന ഓഫീസർ | 24-06-2022 | 31-03-2023 |
| ശ്രീമതി. ശാന്തി ആർ പൈ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. നിഷ എം ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 14-06-2022 |
| ശ്രീമതി. ഇന്ദു എസ് എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15-06-2022 | 19-07-2022 |
| ശ്രീമതി. നിഷ എം ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20-07-2022 | 21-07-2022 |
| ശ്രീ. ജിനേഷ് കെ ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 22-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീമതി. റെയ്ച്ചൽ സോഫിയ അലക്സാണ്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീജ ബി റാണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-07-2022 |
| ശ്രീമതി. ശോഭ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-07-2022 | 05-09-2022 |
| ശ്രീ. അലിസ്റ്റർ ജോസഫ് വാൻറേക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 30-11-2022 |
| ശ്രീമതി. ദിവ്യ ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ഷെഡ്യൂൾ RP - 5 പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല | 1-1-4 |
| 6 | ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുളള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ബാധ്യത ആയി ചേർത്ത തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയില്ല | 1-1-6 |
| 8 | ബി9 ഷെഡ്യൂളിൽ വാല്യൂ ആഡഡ് ടാക്സ് (VAT)ഇനത്തിൽ ലഭ്യമായ തുക ബാധ്യതയായി തുടരുന്നു | 1-1-7 |
| 9 | അക്കൌണ്ടുകളുടെ റീ – കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല | 1-1-8 |
| 10 | ഹരിയാലി പദ്ധതിയ്ക്ക് ലഭിച്ച തുകയുടെ പലിശ വരവ് വർഷങ്ങളായി റസീപ്റ്റ് & പേയ്മെന്റിൽ നിലനിൽക്കുന്നു | 1-1-9 |
| 11 | ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ് - അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിയ്ക്കാനായി രേഖകൾ ലഭ്യമാക്കിയില്ല | 1-1-10 |
| 12 | ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് തുക സുലേഖ ചെലവ് പത്രികയിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-11 |
| 13 | ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-12 |
| 14 | കാപ്പിറ്റൽ റിസർവ്സ് എന്ന ശീർഷകത്തിലേയ്ക്ക് തൻ വർഷത്തെ പ്രോജക്റ്റുകൾ പ്രകാരം ആസ്തി സൃഷ്ടിച്ച എല്ലാ തുകകളും കൃത്യമായി ചേർക്കുന്നില്ല | 1-1-13 |
| 15 | ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ, വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ആകെ ചെലവ് തമ്മിൽ പൊരുത്തപെടുന്നില്ല | 1-1-14 |
| 16 | വികസന ഫണ്ട് (ജനറൽ) ഗ്രാന്റിനത്തിൽ, വാർഷിക കണക്ക്, | 1-1-15 |

| | | |
|---|---|---|
| | എ.സി.ആർ. പ്രകാരമുള്ള ചെലവ് തുകകൾ യോജിക്കുന്നില്ല | |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 25 | പട്ടിക വർഗ്ഗ കോളനിയിൽ സി സി റ്റി വി കാമറ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാത്ത പദ്ധതി നടപ്പാക്കി | 1-10 |
| 26 | സ്കൂളുകളിൽ ആർ ഒ പ്ലാന്റ് സ്ഥാപിയ്ക്കൽ - ആർ ഒ പ്ലാന്റ് സ്ഥാപിച്ച് മാസങ്ങൾക്കകം പ്രവർത്തനരഹിതം - വാറന്റി കാലയളവിനുള്ളിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-11 |
| 27 | ടെണ്ടർ പരസ്യം - അപാകതകൾ | 1-12 |
| 28 | എക്സ്കവേറ്റ് ചെയ്ത മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല | 1-13 |
| 29 | കരാറുകാർ പ്രവൃത്തികളുടെ ഇൻഷ്വറൻസ് എടുത്തില്ല – ഫൈൻ ഇനത്തിൽ നഷ്ടം | 1-14 |
| 30 | റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം | 1-15 |
| 31 | നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരനിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല | 1-16 |
| 32 | ടാർവീപ്പയുടെ വില കുറവ് ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു | 1-17 |
| 33 | സംരക്ഷണഭിത്തി നിർമ്മാണം - അധികച്ചെലവ് | 1-18 |
| 34 | കുത്തിയതോട് പഞ്ചായത്ത് വാർഡ് 13 സദനം കാന നിർമ്മാണം - സ്റ്റീലിന്റെ അളവ് കുറവായി ഉപയോഗിച്ചു | 1-19 |
| 35 | കെട്ടിടങ്ങളുടെ അനുബന്ധപ്രവൃത്തികൾക്കായി MoRD സ്പെസിഫിക്കേഷൻ ഉപയോഗിച്ചു | 1-20 |
| 36 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-21 |
| 37 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 38 | ഐ.കെ.എം-ന് വിഹിതം നല്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-23 |
| 39 | സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്താതെ ഗ്രൂപ്പുകൾക്ക് | 1-24 |

| | | |
|---|---|---|
| | ധനസഹായം നൽകി | |
| 40 | എസ്.സി വിദ്യാർഥിനികൾക്ക് പഠനമുറി – നിർമ്മാണം പൂർത്തിയാക്കിയില്ല | 1-25 |
| 41 | തുറവൂർ താലൂക്ക് ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല | 1-26 |
| 42 | ഓഡിറ്റ് ഇംപാക്റ്റ് - കരാർ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കി | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പത്രപ്പരസ്യം - സർക്കാർ നിർദ്ദേശം പാലിച്ചില്ല - അധിക ചെലവിനിടയാക്കി | 3-1 |
| 2 | പ്രവൃത്തികളുടെ ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 3-2 |
| 3 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല | 3-3 |
| 4 | റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29/07/2023ലെ 2(1) ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

03.11.2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-4 ഷെഡ്യൂൾ RP - 5 പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല

ഷെഡ്യൂൾ RP - 5 പ്രകാരമുള്ള വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളോ രജിസ്റ്ററുകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനങ്ങളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-5 ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | B-4 പ്രകാരം ചെലവഴിക്കുവാൻ ശേഷിക്കുന്ന തുക | B-17, RP-40(b) എന്നിവ പ്രകാരമുള്ള നീക്കിയിരുപ്പ് |
|---|---|---|
| സി.എഫ്.സി ഗ്രാന്റ് | 34,14,006/- | 35,11,388/- |

1-1-6 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ബാധ്യത ആയി ചേർത്ത തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയില്ല

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ബാധ്യത ആയി ചേർത്ത തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയില്ല.

1-1-7 ബി9 ഷെഡ്യൂളിൽ വാല്യൂ ആഡഡ് ടാക്സ് (VAT)ഇനത്തിൽ ലഭ്യമായ തുക ബാധ്യതയായി തുടരുന്നു

ബി9 ഷെഡ്യൂളിൽ വാല്യൂ ആഡഡ് ടാക്സ് (VAT) ഇനത്തിൽ ബാധ്യതയായി തുടരുന്ന തുക (18,190/-) യുടെ വിശദാംശം ഹാജരാക്കിയില്ല.

1-1-8 അക്കൌണ്ടുകളുടെ റീ – കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

താഴെ കൊടുത്തിരിക്കുന്ന അക്കൌണ്ടുകളുടെ റീ -കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

| അക്കൗണ്ട് | വാർഷിക | ബാങ്ക് |
|---|---|---|

| | കണക്കിലെ Rp40(b) പ്രകാരം | സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| Federal Bank, Pattanakkad (PMAY) A/C No.18710100080450 | 11550885 | 11705175 |
| LGTSB A/C No. -799013000000105 | (-) 112065 | 0 |

1-1-9 ഹരിയാലി പദ്ധതിയ്ക്ക് ലഭിച്ച തുകയുടെ പലിശ വരവ് വർഷങ്ങളായി റസീപ്റ്റ് & പേയ്മെന്റിൽ നിലനിൽക്കുന്നു

ഹരിയാലി (IWDP) യിലെ നീക്കിയിരുപ്പ് 37,145/-രൂപ 2012-13 സാമ്പത്തിക വർഷം ലഭിച്ച 36,39,585/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ച സമയത്ത് പലിശയിനത്തിൽ ലഭിച്ച തുകയാണ്. ആയതിൽ 26,39,487/- രൂപ ചെലവായതാണ്. 37,145/-രൂപ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നു.

1-1-10 ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ് - അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിയ്ക്കാനായി രേഖകൾ ലഭ്യമാക്കിയില്ല

2021-22 വർഷം മുതലുള്ള ബാലൻസ് ഷീറ്റ് പ്രകാരം, ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ് – അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന അക്കൌണ്ടിൽ 12,873/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. തുകയുടെ കൃത്യത പരിശോധിയ്ക്കാനായി രേഖകൾ ലഭ്യമാക്കിയില്ല.

1-1-11 ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് തുക സുലേഖ ചെലവ് പത്രികയിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു

ചെലവ് പത്രിക പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ്-44,80,000/-രൂപ. എന്നാൽ, വാർഷിക കണക്ക് പ്രകാരം 41,30,000/-.

1-1-12 ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 8,82,000/- രൂപയാണ്. ഈ വർഷത്തെ ചെലവ് തുക (882000/-). എന്നാൽ ടി തുക I-6ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

1-1-13 കാപ്പിറ്റൽ റിസർവ്സ് എന്ന ശീർഷകത്തിലേയ്ക്ക് തൻ വർഷത്തെ പ്രോജക്റ്റുകൾ പ്രകാരം ആസ്തി സൃഷ്ടിച്ച എല്ലാ തുകകളും കൃത്യമായി ചേർക്കുന്നില്ല

കാപ്പിറ്റൽ റിസർവ്സ് എന്ന ശീർഷകത്തിലേയ്ക്ക് തൻ വർഷത്തെ പ്രോജക്റ്റുകൾ പ്രകാരം ആസ്തി സൃഷ്ടിച്ച എല്ലാ തുകകളും കൃത്യമായി ചേർക്കുന്നില്ല.

1-1-14 ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ, വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ആകെ ചെലവ് തമ്മിൽ പൊരുത്തപെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ, വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ് തുക- 1,78,23,408/-രൂപയാണ്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവ് തുക- 17,66,58,843/- രൂപയാണ്.

1-1-15 വികസന ഫണ്ട് (ജനറൽ) ഗ്രാന്റിനത്തിൽ, വാർഷിക കണക്ക്, എ.സി.ആർ. പ്രകാരമുള്ള ചെലവ് തുകകൾ യോജിക്കുന്നില്ല

വികസന ഫണ്ട് (ജനറൽ) ഗ്രാന്റിനത്തിൽ, വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ് തുക- 2,99,20,977/- രൂപയാണ്. എ.സി.ആർ. പ്രകാരമുള്ള ആകെ ചെലവ് തുക- 3,00,17,367/- രൂപയാണ്.

## 1-2 ബജറ്റ്

24.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 79,54,34,419 | 79,29,84,319 |
| വാർഷികകണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റീച്ചർ പ്രകാരമുള്ളത്) | 10,93,54,594 | 10,10,81,548 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു. യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,23,13,188 |
| വരവ് | 10,01,93,432 |
| ആകെ | 14,25,06,620 |
| ചെലവ് | 11,11,77,514 |
| നീക്കിയിരിപ്പ് | 3,13,29,106 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | |
|---|---|---|---|---|---|
| | | അലോട്ട്മെന്റ് വരവ് | | പ്രോജക്ട് | നീക്കിയിരുപ്പ് /ലാപ്സായ തുക |
| വികസനഫണ്ട് പൊതുവിഭാഗം | | 3,14,41,000 | 3,14,41,000 | 2,99,20,977 | 15,20,023 |
| വികസനഫണ്ട് | | 1,87,66,000 | 1,87,66,000 | 1,45,78,297 | 41,87,703 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | | | 2,60,000 | 2,60,000 | 1,85,000 | 75,000 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | ബാങ്ക് | 34,51,313 | 76,04,000 | 1,10,55,313 | 76,95,153 | 33,60,160 |
| | ട്രഷറി | 0 | 37,45,846 | 37,45,846 | 26,21,351 | 11,24,495 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | ബാങ്ക് | 22,10,288 | 53,46,462 | 75,56,750 | 75,02,904 | 53,846 |
| | ട്രഷറി | 0 | 4,000 | 4,000 | 4,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | | 94,86,000 | 94,86,000 | 94,80,531 | 5,469 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 12,56,93,865 | 85 | 7,99,53,983 | 8 | 13 | 80.19 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്കിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2023 തീയതിയിൽ 03:00 P.M സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരുപ്പില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1)അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.
2)സ്റ്റോക്ക് രജിസ്റ്ററിൽ വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3)ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.

5)കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 പട്ടിക വർഗ്ഗ കോളനിയിൽ സി സി റ്റി വി കാമറ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാത്ത പദ്ധതി നടപ്പാക്കി

നിർവ്വഹണം :- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
പ്രോജക്ട് നം. :- 110/2023
അടങ്കൽ :- വികസന ഫണ്ട് (റ്റി.എസ്.പി.) – രൂ. 60,000/-
ചെലവ് :– രൂ. 60,000/- (ബിൽ നം. 80 / 2022-23/ 10.03.2023 )
അരൂർ കളപ്പുരയ്ക്കൽ പട്ടിക വർഗ്ഗ കോളനിയിൽ സി സി റ്റി വി കാമറ സ്ഥാപിയ്ക്കൽ എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

അരൂർ ഗ്രാമ പഞ്ചായത്തിലെ കളപ്പുരയ്ക്കൽ പട്ടിക വർഗ്ഗ കോളനിയിൽ സി സി റ്റി വി കാമറ സ്ഥാപിയ്ക്കുന്നതിനായി രൂപീകരിച്ച പ്രോജക്ടാണിത്. ടി പ്രോജക്ട് പ്രകാരം, 7 കാമറയും അനുബന്ധ ഉപകരണങ്ങളും VR TECH Mobile Sales And Service, കടവന്തറ, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു പ്രോജക്ട് രൂപീകരിയ്ക്കാൻ സർക്കാർ ഉത്തരവുകൾ നിലവില്ല. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി. 28.05.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനം നടപ്പാക്കുന്നതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമാണ്. എന്നാൽ ഇവിടെ അപ്രകാരമുള്ള പ്രത്യേക അനുമതി വാങ്ങിയിട്ടുമില്ല. കൂടാതെ, GeM Portal വഴി പർച്ചേയ്സ് നടത്താതെ ക്വട്ടേഷൻ ക്ഷണിച്ചാണ് VR TECH Mobile Sales And Service, കടവന്തറ, കൊച്ചി എന്ന സ്ഥാപനത്തിന് കരാർ നല്കിയത്.
സർക്കാർ മാർഗ്ഗ നിർദ്ദേശത്തിൽ ഉൾപ്പെടാത്ത പ്രോജക്റ്റ് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14, തീയതി- 27.09.2023) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനം സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടപ്പാക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയിട്ടുമില്ല. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ 60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11 സ്കൂളുകളിൽ ആർ ഒ പ്ലാന്റ് സ്ഥാപിയ്ക്കൽ - ആർ ഒ പ്ലാന്റ് സ്ഥാപിച്ച് മാസങ്ങൾക്കകം പ്രവർത്തനരഹിതം - വാറന്റി കാലയളവിനുള്ളിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് നം .4/2023
നിർവ്വഹണം – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -24,00,000/-രൂപ
ചെലവ് തുക – 23,17,500/-രൂപ

(XVFC / 2022-23 / P 32, തീയതി-08.11.2022, തുക-2258580
XVFC / 2022-23 / P 43, തീയതി-26.12.2022 തുക-39280
XVFC / 2022-23 / P 42, തീയതി-26.12.2022 തുക-19640)

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം PORTABLE WATER PURIFICATION SYSTEM WITH INBUILT WATER COOLER Gem Portal വഴി R.J Enterprises, Kottayam എന്ന സ്ഥാപനത്തിൽ നിന്നും 15 എണ്ണം (ഒരെണ്ണത്തിന്റെ വില- 1,54,500/-രൂപ) വാങ്ങിയിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം ആർ ഒ പ്ലാന്റ് സ്ഥാപിച്ച താഴെ കൊടുത്തിരിക്കുന്ന സ്കൂളുകളിൽ 21.09.2023 ന് ഓഡിറ്റ് ടീമും ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരുമായി സ്ഥല പരിശോധന നടത്തി.
1. സെന്റ് റാഫേൽസ് എച്ച്.എസ്.എസ്., എഴുപുന്ന
2. റ്റി ഡി എച്ച്.എസ്.എസ്., തുറവൂർ
3. ഗവ. എച്ച്.എസ്., അരൂർ
4. സെന്റ് അഗസ്റ്റ്യൻസ് എച്ച് എസ് എസ്, അരൂർ
സ്ഥല പരിശോധനയിൽ, റ്റി.ഡി. എച്ച്.എസ്.എസ്., തുറവൂരിൽ സ്ഥാപിച്ച ആർ ഒ പ്ലാന്റ് ഒഴികെ മറ്റ് 3 സ്കൂളുകളിൽ സ്ഥാപിച്ച ആർ.ഒ പ്ലാന്റുകൾ പ്രവർത്തനരഹിതമായി കാണപ്പെട്ടു. റ്റി.ഡി. എച്ച്.എസ്.എസ്., തുറവൂർ സ്കൂളിലെ ആർ ഒ പ്ലാന്റിൽ നിന്നും ഷോക്ക് അടിക്കുന്ന വിവരം കുട്ടികൾ അറിയിച്ചപ്പോൾ TOLL FREE Number-ലേയ്ക്ക് വിളിച്ചിരുന്നെങ്കിലും സേവനം ലഭ്യമാവാതെ വന്നപ്പോൾ പി റ്റി എ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഒരു ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കിയാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്ന വിവരം രേഖാമൂലം പ്രിൻസിപ്പാൾ അറിയിച്ചു. സെന്റ് അഗസ്റ്റ്യൻസ് എച്ച്.എസ്.എസ്., അരൂർ എന്ന സ്കൂളിലെ പ്രിൻസിപ്പാൾ ആർ ഒ പ്ലാന്റിൽ നിന്നും ഷോക്ക് അടിച്ചതായി കുട്ടികളുടെ പരാതി വന്നപ്പോൾ അതിന്റെ കണക്ഷൻ പൂർണ്ണമായും വിച്ഛേദിച്ചു എന്നും, മറ്റ് 2 സ്കൂളുകളിലെ പ്രധാന അധ്യാപകർ ആർ ഒ പ്ലാന്റ് പ്രവർത്തന രഹിതമാണെന്നും TOLL FREE Number-ലേയ്ക്ക് വിളിച്ചിരുന്നെങ്കിലും സേവനം ലഭ്യമാവാത്ത അവസ്ഥയാണെന്നും രേഖാമൂലം അറിയിച്ചു. കരാർ വ്യവസ്ഥ – 1 (ബി) പ്രകാരം ഒരു വർഷം വാറന്റിയും കംപ്ലെയ്ന്റ് റെക്ടിഫിക്കേഷൻ നടത്തണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. 23.12.2022- ൽ സ്ഥാപിച്ച ആർ ഒ പ്ലാന്റിന്റെ വാറന്റി കാലയളവ് നിലവിലും തുടരുന്നു. ഈ കാലയളവിൽ കൃത്യമായ സർവീസ് നല്കുന്നതിൽ R.J Enterprises, Kottayam എന്ന സ്ഥാപനം വീഴ്ച വരുത്തിയതായി കാണുന്നു. ഈ സ്ഥാപനത്തിന് എതിരെ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/തീയതി – 27.09.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനും വിതരണ ഏജൻസിയും തമ്മിലേർപ്പെട്ട കരാറിന് R.J Enterprises, Kottayam എന്ന സ്ഥാപനം പ്രധാന്യം നല്കുന്നില്ല എന്നത് മേൽ സൂചിപ്പിച്ചതിൽനിന്നും വ്യക്തമാണ്. 15 സ്കൂളുകളിലും സ്ഥാപിച്ച ആർ ഒ പ്ലാന്റുകളുടെ നിലവിലെ അവസ്ഥ പരിശോധിക്കേണ്ടതും കരാർ കാലാവധി തീരുന്നതിന് മുമ്പ് (22.12.2023) വിതരണ ഏജൻസിയെക്കൊണ്ട് അപാകത പരിഹരിച്ച് ആർ ഒ പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 23,17,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-12 ടെണ്ടർ പരസ്യം - അപാകതകൾ

2022-23 സാമ്പത്തിക വർഷം, വിവിധ പ്രവൃത്തികളുടെ ടെൻഡർ കേരള കൗമുദി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചതിന്റെ പരസ്യചാർജിനത്തിൽ 15% ഡിസ്കൗണ്ട് ലഭിച്ചില്ല. ദേശാഭിമാനി പത്രത്തിൽ പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവുണ്ടായി. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

1-13 എക്സ്കവേറ്റ് ചെയ്ത മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. S0040/23

പട്ടണക്കാട് പഞ്ചായത്ത് വാർഡ് 19 വടക്കേമുറിയിൽ തറയിൽ കാന നിർമ്മാണം എന്ന പ്രവൃത്തിയിൽ 26 M നീളത്തിൽ കാന നിർമ്മിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 6,50,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അളവുപുസ്തകം (നം. 2/22-23 ) പേജ് 3 പ്രകാരം പ്രവൃത്തിയുടെ ഇനം 1 ആയി 23.10 മീറ്റർ നീളത്തിൽ എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ 35.805 $M^3$ മണ്ണും പേജ് 21 പ്രകാരം 6.87m നീളത്തിൽ എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ 9.932$m^3$ മണ്ണും ഉൾപ്പെടെ ആകെ 45.735$m^3$ മണ്ണ് ലഭിച്ചിട്ടുണ്ട്. ഈ മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ഇനം8 ആയി കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് പേജ് 31 പ്രകാരം 27.465 $M^3$ മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. ഇതിൽനിന്നും 10% കൺസോളിഡേഷൻ കുറച്ച് 24.719$m^3$ ന് 1202.85/$m^3$ നിരക്ക് പ്രകാരം 29733.25 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണ് 48.735 $M^3$ ഉള്ളപ്പോൾ ആയത് കണക്കാക്കാതെ ഫില്ലിംഗിനായി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. പ്രവൃത്തിയുടെ അളവുപുസ്തകത്തിൽ മണ്ണിന്റെ വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/26.09.2023) എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ ലഭിച്ച മണ്ണ് ചെളിയായിരുന്ന എന്നും അത് ഫില്ലിംഗിന് ഉപയോഗിക്കാൻ സാധിക്കാത്തതിനാലാണ് കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തിയതെന്നും മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. അളവുപുസ്തകം പ്രവൃത്തി സംബന്ധിച്ച വിവരങ്ങളെല്ലാം രേഖപ്പെടുത്തേണ്ട സുപ്രധാനരേഖയായതിനാലും അളവുപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി മാത്രം ഫൈനൽ ബിൽ തുക അനുവദിക്കേണ്ടതിനാലും തുടർന്ന് ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കരാറുകാരൻ : സുനിൽകുമാർ, ശാരദാനിലയം, അന്ധകാരനഴി

ചെലവ് :

421927/- Sanction Order No.166/02.11.2022

161579/- Sanction Order No.312/01.03.2023

1-14 കരാറുകാർ പ്രവൃത്തികളുടെ ഇൻഷ്വറൻസ് എടുത്തില്ല - ഫൈൻ ഇനത്തിൽ നഷ്ടം

ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും, പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷ്വറൻസ് (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-, മാക്സിമം 5,00,000/-) എടുത്ത് സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ (നം.6) ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽ നിന്നും 0.2% നിരക്കിൽ ഫൈൻ ഈടാക്കാത്തതുമൂലം 23,078/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

1-15 റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ ചില റോഡ് നിർമ്മാണ പ്രവൃത്തികളിൽ, Construction Of Subgrade And Earthen Shoulders With Approved Material Obtained From Borrow Pits, Construction Of

Embankment With Approved Material Obtained From Borrow Pits എന്നീ ഇനങ്ങൾ ചെയ്തതിന്റെ അളവിൽ നിന്നും കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ ഫില്ലിംഗ് അളവിൽ നിന്നും 10% ഉം ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 5% ഉം കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. കൺസോളിഡേഷൻ കുറവ് ചെയ്യാത്തതു മൂലം 8,188 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

### 1-16 നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരനിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല

വയലാർ പഞ്ചായത്ത് വാർഡ് 5 കണ്ടത്തിക്കടവ് പ്രദേശത്ത് കായൽസൈഡ് കല്ലുകെട്ട് (പ്രോജക്ട് നം. S0025/23) എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം ഈടാക്കേണ്ട കോമ്പൻസേഷൻ ഈടാക്കിയിട്ടില്ലാത്തതിനാൽ 13,028 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

### 1-17 ടാർവീപ്പയുടെ വില കുറവ് ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികളിൽ, ടാർ വീപ്പയുടെ വിലയിനത്തിൽ ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടുള്ള ജി എസ് റ്റി ഉൾപ്പെടെയുള്ള തുക സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ വിരുദ്ധമാണ്. ടാർ വീപ്പയുടെ വില, ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. (ധന വിനിയോഗം സംബന്ധിച്ച 12.04.06-ലെ ജി.ഒ.(പി)177/06/ഫിൻ ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശാനുസരണം) . ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/26.09.2023) തുക അതേ ഫണ്ടിൽ തിരിച്ചടച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കാലി വീപ്പയുടെ വിലയും ജി എസ് റ്റി തുകയും ബന്ധപ്പെട്ട ഹെഡ്ഡുകളിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഈടാക്കിയ ടാർ വീപ്പയുടെ വില @281 | ഫണ്ട് ഇനം | ചെലവ് വിവരം |
|---|---|---|---|---|
| 1 | തുറവൂർ പഞ്ചായത്ത് വാർഡ് 7 അംബേദ്കർ പണിക്കർ തുരുത്ത് റോഡ് മെറ്റലിംഗം ടാറിംഗം S0079/23 | 2810 | വികസനഫണ്ട് എസ് സി പി | 471383/- 26/28.03.2023 |
| 2 | തുറവൂർ പഞ്ചായത്ത് വാർഡ് 11 കാവിൽപാലം കാട്ടിങ്കൽചിറ റോഡ് ടാറിംഗ് S0084/23 | 2248 | വികസനഫണ്ട് | 462040/- 12/15.03.2023 |

| | | | | |
|---|---|---|---|---|
| 3 | പട്ടണക്കാട് പഞ്ചായത്ത് വാർഡ് 18 തുണ്ട്ചിറ വെട്ടക്കൽ ബി ബ്ലോക്ക് റോഡ് മെറ്റലിംഗും ടാറിംഗും S0085/23 | 1967 | വികസനഫണ്ട് | 460363/- 14/16.03.2023 |
| 4 | വയലാർ പഞ്ചായത്ത് വാർഡ് 12 ദേവ്വങ്കൽ കൊല്ലപ്പള്ളി റോഡ് ടാറിംഗ് S0071/23 | 2810 | വികസനഫണ്ട് | 493612/- 13/16.03.2023 |
| ആകെ | | 9835 | | |

## 1-18 സംരക്ഷണഭിത്തി നിർമ്മാണം - അധികച്ചെലവ്

ചീഫ് എഞ്ചിനീയറുടെ 26.03.2021-ലെ സർക്കുലർ നം. ഡിബി1/10690/2020/സിഇ/ എൽ ഐ ഡി&ഇഡബ്ല്യു പ്രകാരം റോഡ് പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടുവരുന്ന Drain, Culvert, Side Protection മുതലായ അനുബന്ധപ്രവൃത്തികൾക്കും MoRD/MoRTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ റോഡിന്റെ ഭാഗമല്ലാത്ത സംരക്ഷണഭിത്തി നിർമ്മാണത്തിനും ബ്ലോക്ക് പഞ്ചായത്തിൽ MoRD സ്പെസിഫിക്കേഷൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതായി കാണുന്നു. ഇത് മൂലം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും അധികച്ചെലവ് ഉണ്ടാകുന്നുണ്ട്. Mord സ്പെസിഫിക്കേഷനിൽ തയ്യാറാക്കിയ ഇനങ്ങൾക്ക് CPWD സ്പെസിഫിക്കേഷൻ പ്രകാരം അനുവദിക്കാവുന്ന തുകയുടെയും അധികച്ചെലവിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) Specification 11.1.1.1 – Earth Work In Excavation For Structures

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് നിരക്ക് | കരാറുകാരൻ | അനുവദിച്ച നിരക്ക്, തുക | CPWD Specification 2.8.1പ്രകാരമുള്ള നിരക്ക് | അധികം | ബിൽ നം./തീയതി |
|---|---|---|---|---|---|---|---|
| 1 | അരൂർ പഞ്ചായത്ത് വാർഡ് 20 വള്ളാവ്വട്ടക്കൽ തോട് കല്ലുകെട്ടും സ്ലാബിടലും | 798.27/m3 | എം സി കുര്യാക്കോസ്, മൈലിപുത്തൻ പുരയിൽ, പട്ടിമറ്റം | 23.210 @350= 8123.50 | 23.210@309.99= 7195 | 928.50 | 443274/- 6/27.02.2023 |
| 2 | വയലാർ പഞ്ചായത്ത് | 553.17/m3 | തോമസ് സ്കറിയ, | 27.835@350= 9742.25 | 27.835@247/m3 = 6875 | 2867 | 404403/- 390/25.03.2023 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വാർഡ് 5 കണ്ടത്തിക്കടവ് പ്രദേശത്ത് കായൽസൈഡ് കല്ലുകെട്ട് | | കൊറത്തറ, കണ്ണാടി 10/22-23 | | | | (Sanction Order) |
| 3 | തുറവൂർ പഞ്ചായത്ത് വാർഡ് 5 തോണിത്തോട് കല്ലുകെട്ട് | 553.17/m3 | തോമസ് സ്കറിയ, കൊറത്തറ, കണ്ണാടി | 29.49@552= 16278.48 | 29.49@247 =7284 | 8994 | 460000/- 337/15.03.2023 (Sanction Order) |
| | ആകെ | | | | | 12789.50 | |

എസ്റ്റിമേറ്റിൽ ഉയർന്ന നിരക്കാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് ക്രമനം. 1, 2 എന്നിവയിൽ കരാറുകാരൻ വളരെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിൽ നിന്നും വ്യക്തമാകുന്നുണ്ട്.

2) 75.7.1 Dry Rubble Masonry With Hard Stone, Including Trough/Bond Stone In Foundation And Superstructure.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് നിരക്ക് | അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന നിരക്ക്(CPWD Specification 60.7.1) | അധികം | ബിൽ നം./തീയതി |
|---|---|---|---|---|---|---|
| 1 | അരൂർ പഞ്ചായത്ത് വാർഡ് 20 വള്ളാവുട്ടക്കൽ തോട് കല്ലുകെട്ടും സ്ലാബിടലും | 6173.14/m3 | 55.915@5814= 325089.81 | 55.915@3644.43= 203778 | 121312 | 443274/- 6/27.02.2023 |
| 2 | വയലാർ പഞ്ചായത്ത് വാർഡ് 5 കണ്ടത്തിക്കടവ് പ്രദേശത്ത് കായൽസൈഡ് കല്ലുകെട്ട് | 4166.09/m3(OD) | 85.926@3350= 287852.10 | 85.926@2854.19 = 245249 | 42603 | 404403/- 390/25.03.2023 (Sanction Order) |
| 3 | തുറവൂർ പഞ്ചായത്ത് വാർഡ് 5 തോണിത്തോട് കല്ലുകെട്ട് | 4359.44/m3 | 86.715@3950= 342524.25 | 86.715@2854.19= 247501 | 95023 | 460000/- 337/15.03.2023 (Sanction Order) |
| | ആകെ | | | | 258938 | |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം. 13/26.09.2023) മറുപടി ലഭ്യമാക്കിയില്ല. വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

1-19 കുത്തിയതോട് പഞ്ചായത്ത് വാർഡ് 13 സദനം കാന നിർമ്മാണം - സ്റ്റീലിന്റെ അളവ് കുറവായി ഉപയോഗിച്ചു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ : നഹാസ് കെ.കെ., കുന്നേൽ വീട്, കുത്തിയതോട് പി.ഒ.
കുത്തിയതോട് പഞ്ചായത്ത് വാർഡ് 13 സദനം കാന നിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 40m നീളത്തിൽ 0.80m വീതിയിൽ കാന നിർമ്മിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 6,68,000 രൂപയാണ് വകയിരുത്തിയിരുന്നത്. പ്രവൃത്തിയുടെ ആകെ ചെലവ് ജി എസ് റ്റി ഉൾപ്പെടെ 3,72,584 രൂപയാണ്.

അളവുപുസ്തകം പ്രകാരം 40.10 M നീളത്തിൽ 0.80m വീതിയിൽ കാന നിർമ്മിച്ചതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം 1.5m താഴ്ചയിൽ എക്സ്കവേറ്റ് ചെയ്ത് 15 Cm കനത്തിൽ PCC, 15cm കനത്തിൽ RCC, 1.2 M ഉയരത്തിൽ സൈഡ് വാൾ, 15cm കനത്തിൽ ടോപ്പ് സ്ലാബ് എന്നിങ്ങനെ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അളവ്പുസ്തകം പ്രകാരം 1.10m താഴ്ചയിൽ എക്സ്കവേറ്റ് ചെയ്ത് 15 Cm കനത്തിൽ PCC, 15cm കനത്തിൽ RCC, 0.70 M ഉയരത്തിൽ സൈഡ് വാൾ, 15cm കനത്തിൽ ടോപ്പ് സ്ലാബ് എന്നിവയാണ് നിർമ്മിച്ചിട്ടുള്ളത്.

പ്രസ്തുത പ്രവൃത്തിയിൽ RCC ക്കായി എസ്റ്റിമേറ്റ് അനുസരിച്ചുള്ള ആവശ്യകതയേക്കാൾ കുറഞ്ഞ അളവിൽ സ്റ്റീൽ ഉപയോഗിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | അളവുപുസ്തകം പ്രകാരമുള്ള അളവ് | അനുവദിച്ച തുക |
|---|---|---|---|
| RCC Grade M20 For Mat And Side Walls | 19.200 $M^3$ | 13.145 $M^3$ | 13.145$m^3$ @9482.36/$m^3$ = 124645.62 |
| RCC Grade M20 For Top Slab | 4.800 $M^3$ | 4.62 $M^3$ | 4.62 $M^3$ @8965.14/$m^3$ = 41418.95 |
| TMT Bar | 24$M^3$x0.12 = 2.880 Tonne | 0.894 Tonne | 0.894 T@ 92249.94/T = 82471.45 |

ആകെ കോൺക്രീറ്റ് ചെയ്തതിന്റെ അളവായ 17.765$m^3$ (13.145+4.62) ന് ആവശ്യമായ സ്റ്റീലിന്റെ അളവ് എസ്റ്റിമേറ്റ് പ്രകാരമുള്ള ആവശ്യകത അനുസരിച്ച് 2.132 ടൺ (17.765x0.12) ആണ്. ഇപ്രകാരം പ്രവൃത്തിക്ക് 2.132ടൺ സ്റ്റീൽ ആവശ്യമാണെങ്കിലും അളവ്പുസ്തകം പ്രകാരം 0.894 ടൺ സ്റ്റീൽ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവൃത്തിക്കാവശ്യമായ സ്റ്റീലിന്റെ അളവ് എത്രയാണെന്നും ഇത്രയും കുറഞ്ഞ അളവിൽ സ്റ്റീൽ ഉപയോഗിച്ച് എസ്റ്റിമേറ്റിൽ ലക്ഷ്യമിട്ട ഗുണനിലവാരമില്ലാതെ പ്രവൃത്തി നടപ്പാക്കിയതിന്റെ കാരണവും എസ്റ്റിമേറ്റും യഥാർത്ഥചെലവും തമ്മിലുള്ള പൊരുത്തക്കേടിന്റെ കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/27.09.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിക്കായി കരാറുകാരൻ സപ്ലൈ ചെയ്ത സ്റ്റീലിന്റെ അളവ് അളവ്പുസ്തകത്തിൽ രേഖപ്പെടുത്തുകയല്ലാതെ മതിയായ സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ എസ്റ്റിമേറ്റിൽ ഉദ്ദേശിച്ച രീതിയിൽ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുകയോ ചെയ്തതായി കാണുന്നില്ല.

കൂടാതെ, പ്രവൃത്തിയുടെ ഇനം 1 ആയി 35.288$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ അളവുപുസ്തകത്തിൽ വിനിയോഗം കാണിച്ചിട്ടില്ല.

മേൽ കാരണങ്ങളാൽ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതിനായി ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

==============================================================

പ്രോജക്ട് നം. S0039/23

എസ്റ്റിമേറ്റ് : 668000

അളവുപുസ്തകം : 04/2022-23

ചെലവ് : 372584/- (Sanction Order No. 184/10.11.2022)

1-20 കെട്ടിടങ്ങളുടെ അനുബന്ധപ്രവൃത്തികൾക്കായി MoRD സ്പെസിഫിക്കേഷൻ ഉപയോഗിച്ചു

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ട് ടൈൽ പാകൽ (S0038/23 സ്പിൽ ഓവർ), ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ട് ടൈൽ പാകൽ ബാലൻസ് വർക്ക് (S0125/23) എന്നീ പ്രവൃത്തികളിൽ MoRD സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ 26.03.2021 ലെ സർക്കുലർ നം. ഡിബി1/10690/ 2020/സിഇ/എൽ ഐ ഡി&ഇഡബ്ല്യു സർക്കുലർ പ്രകാരം റോഡ് പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടുവരുന്ന Drain, Culvert, Side Protection മുതലായ അനുബന്ധപ്രവൃത്തികൾക്കും MoRD/MoRTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. കെട്ടിടങ്ങൾക്കും അനുബന്ധ പ്രവൃത്തികൾക്കും CPWD സ്പെസിഫിക്കേഷൻ ഉപയോഗിക്കേണ്ടതാണ്. CPWD സ്പെസിഫിക്കേഷൻ ഉപയോഗിക്കാത്തതിന് വിശദീകരണവും ഇനങ്ങളുടെ CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഡേറ്റയും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/26.09.2023) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ അനുബന്ധപ്രവൃത്തികൾക്ക് അനുയോജ്യമായ ഇനങ്ങളാണ് CPWD സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ കെട്ടിടങ്ങളുടെ അനുബന്ധപ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ CPWD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രവൃത്തികളുടെ വിവരം

1) ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ട് ടൈൽ പാകൽ

അടങ്കൽ : 576500 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ : ജിതിൻ എം.ജി., മംഗലത്ത്, കെ ആർ പുരം

ചെലവ് : 549331 (Sanction Order No. 319/07.03.2023)

അളവ് പുസ്തകം : 08/2022-23

2) ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ട് ടൈൽ പാകൽ ബാലൻസ് വർക്ക്

അടങ്കൽ : 390000 (വികസനഫണ്ട് സാധാരണവിഹിതം)

കരാറുകാരൻ : പി.എൻ.ഗോപാലകൃഷ്ണൻ, മംഗലത്ത്, കെ ആർ പുരം

ചെലവ് : 388906 (ബിൽ നം. 32/31.03.2023)

1-21 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിയ്ക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

1. പ്രോജക്ട് നം .S0057/2023

പ്രോജക്ടിന്റെ പേര് : ആശ്രയ പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതം
അടങ്കൽ- 5,70,000 (വികസന ഫണ്ട് - ജനറൽ)

ചെലവ്-5,70,000/-രൂപ

പ്രോജക്ട് പ്രകാരം ബ്ലോക്ക് വിഹിതമിനത്തിൽ 5,70,000 രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | വിഹിതം നല്കിയ തുക |
|---|---|
| വയലാർ ഗ്രാമ പഞ്ചായത്ത് | 150,000 |
| കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | 100,000 |
| എഴുപുന്നഗ്രാമ പഞ്ചായത്ത് | 120,000 |
| അരൂർഗ്രാമ പഞ്ചായത്ത് | 200,000 |
| ആകെ | 5,70,000 |

മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല.

2. പ്രോജക്ട് നം .S0048/2023

പ്രോജക്ടിന്റെ പേര് : ലൈഫ് മിഷൻ ഭവന പദ്ധതി(എസ് സി പി)

അടങ്കൽ-34,00,727 (വികസന ഫണ്ട് - എസ് സി പി)

ചെലവ്-34,00,000/-രൂപ (വികസന ഫണ്ട് - എസ് സി പി)

പ്രോജക്ട് പ്രകാരം ബ്ലോക്ക് വിഹിതമിനത്തിൽ 34,00,000 രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | വിഹിതം നല്കിയ തുക |
|---|---|
| കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് | 7,40,000 |
| കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | 5,00,000 |

| | |
|---|---|
| പട്ടണകാട് ഗ്രാമ പഞ്ചായത്ത് | 1,40,000 |
| അരൂർഗ്രാമ പഞ്ചായത്ത് | 20,20,000 |
| ആകെ | 34,00,000 |

മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല.

3. പ്രോജക്ട് നം .S0064/2023

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ

അടങ്കൽ-5,50,000 (വികസന ഫണ്ട്)

ചെലവ്-4,89,570/-രൂപ (വികസന ഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം, 4,89,570/- രൂപ തുറവൂർ, എഴുപുന്ന, അരൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം ഇനത്തിൽ നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.
മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14, തീയതി – 27.09.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 44,59,570/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.S0188/2023

പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ- 14,01,900 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്-8,67,000/-രൂപ

നിക്ഷേപ പ്രവൃത്തികൾക്കായി 8,67,000/-രൂപ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ പി എച്ച് ഡിവിഷൻ, ആലപ്പുഴ – യുടെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കിയില്ല. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കേരള വാട്ടർ അതോറിറ്റിയ്ക്ക് നല്കിയ തുക | റിമാർക്സ് |
|---|---|---|
| തുറവൂർ ഗ്രാമ പഞ്ചായത്തിലെ 17, 18 വാർഡുകളിലെ ന്യൂ വോയിസ് – ഇണ്ടം തുരുത്ത് റോഡ് സമീപം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,95,000/- | പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് പുന:ക്രമീകരിച്ചപ്പോൾ വാട്ടർ അതോറിറ്റി അധികം തുക ആവശ്യപ്പെട്ടത് |
| തുറവൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് -17 ലെ ഇണ്ടം തുരുത്ത് – വടക്കേകാട് റോഡിൽ പൈപ്പ് ലൈൻ | 1,32,000/- | - |

| | | |
|---|---|---|
| എക്സ്റ്റൻഷൻ | | |
| തുറവൂർ ഗ്രാമ പഞ്ചായത്തിലെ 17, 18 വാർഡുകളിലും കുത്തിയതോട് ഗ്രാമ പഞ്ചായത്തിലെ 16ാം വാർഡിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,40,000/- | - |
| ആകെ | 8,67,000/- | |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/തീയതി – 27.09.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗരേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 8,67,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-23 ഐ.കെ.എം-ന് വിഹിതം നല്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം.55/2023

പ്രോജക്റ്റിന്റെ പേര് – ഐ.കെ.എം-ന് പ്രവർത്തന ഫണ്ട് ലഭ്യമാക്കൽ

അടങ്കൽ- വികസന ഫണ്ട് -56,433/-രൂപ

ചെലവ്-56,433/-രൂപ (ബിൽ നം.12, തീയതി 06.08.2022)

ഐ.കെ.എം. വിഹിതമിനത്തിൽ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 56,433/-രൂപ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14, തീയതി 27.09.2023) ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ കെ എം -ന് കത്ത് നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 56,443/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്താതെ ഗ്രൂപ്പുകൾക്ക് ധനസഹായം നൽകി

നിർവ്വഹണം : വ്യവസായ വികസന ഓഫീസർ
പ്രോജക്റ്റ് നം : S0083/23 (പൊതു വിഭാഗം)

പ്രോജക്റ്റ് : പരമ്പരാഗത കയർ മേഖല -ചകിരി വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം

അടങ്കൽ : 18,00,000/-

ചെലവ് : 8,10,000/-

പ്രാദേശിക വികസനത്തിന് - സംരഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ലക്ഷ്യങ്ങളായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പരമ്പരാഗതമായി കയർപിരി മേഖലയിൽ ഉപജീവനം നടത്തുന്ന കയർ ക്ഷേമനിധി അംഗത്വമുള്ള 3 വനിതാ തൊഴിലാളികൾ അടങ്ങുന്ന സ്വയം തൊഴിൽ ഗ്രൂപ്പിന്, അതിന്റെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ ചകിരി വാങ്ങുന്നതിന് 50% നിരക്കിൽ സബ്സിഡി നൽകുന്നതിന് വിഭാവനം ചെയ്ത മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 18 വനിതാ കയർപിരി സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് വായ്പാ ബന്ധിതമല്ലാത്ത സബ്സിഡിയായി 45,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. എല്ലാ തലത്തിലുമുള്ള തദ്ദേശ

ഭരണ സ്ഥാപനങ്ങൾക്കും നടപ്പിലാക്കാവുന്ന ഈ പദ്ധതി ഒരു ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംഗതിയിൽ, സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് വായ്പാ ബന്ധിതമല്ലാത്ത ധനസഹായം നൽകുന്നതിന് മുൻപായി ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ) എന്നിവരടങ്ങിയ ഒരു സമിതിയെ സ്വയം തൊഴിൽ ഗ്രൂപ്പുകൾ ആരംഭിച്ചതിന് ശേഷമുള്ള 3 മാസത്തെ പ്രവർത്തനം വിലയിരുത്തുന്നതിനായി നിയോഗിക്കണമെന്നും, ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ മേൽപ്പറഞ്ഞ അംഗങ്ങൾക്ക് പുറമെ വ്യവസായ വികസന ഓഫീസറെ കൂടി ഉൾപ്പെടുത്തിയ സമിതി ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയതിന് ശേഷമാണ് ധനസഹായം നൽകേണ്ടതെന്നും 28.05.2022-ലെ സ.ഉ.(കൈ)നം.115/2022/ തസ്വഭവ, സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ ഈ വ്യവസ്ഥയ്ക്കു വിരുദ്ധമായി വനിതാ കയർപിരി സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ 3 മാസത്തെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു സമിതി രൂപീകരിക്കാതെയാണ് മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 18 വനിതാ കയർപ്പിരി സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് ധനസഹായം നൽകിയത്. ഇത്തരത്തിൽ സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്താതെ ഗ്രൂപ്പുകൾക്ക് ധനസഹായം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08, തീയതി:26.09.2023) വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയതെന്നും, തുടർ വർഷങ്ങളിൽ മാർഗ്ഗരേഖ പ്രകാരമുള്ള സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ധനസഹായം നൽകുകയുള്ളൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 എസ്.സി വിദ്യാർഥിനികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ 2022-23 വർഷം സ്പിൽ ഓവർ പദ്ധതിയായി നിർവ്വഹണം നടത്തിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥിനികൾക്ക് പഠനമുറി (S0045/23) എന്ന പ്രോജക്റ്റ് പ്രകാരം മുൻവർഷം അഡ്വാൻസായി 50,000/- രൂപവീതം കൈപ്പറ്റി പഠനമുറി നിർമ്മാണം ആരംഭിച്ച രണ്ട് ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവായി 75,000/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് ശേഷിക്കുന്ന തുക കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തൻവർഷം കൈപ്പറ്റിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| 01 | ശ്രീമതി രേഖാമോൾ(അനഘ ഹരിദാസ്), കൈത്തതറ, പട്ടണക്കാട് | 75,000 | 17/26.11.22 |
| 02 | ശ്രീ.ആജേഷ് (അനുശ്രേയ ആജേഷ്) താരാ നിവാസ്, കഴുന്നാരം, | 75,000 | 16/19.11.22 |

| | | | |
|---|---|---|---|
| | പട്ടണക്കാട് | | |

രണ്ട് ഗഡുക്കളായി 1,25,000/- രൂപ കൈപ്പറ്റിയതിന് ശേഷം പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 01 / 25.09.2023) പഠന മുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നേരിട്ടും കത്ത് മുഖേനയും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് മൂന്നാം ഗഡുവായ 75,000/- രൂപ വീതം അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കുവാൻ തയ്യാറാകാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 തുറവൂർ താലൂക്ക് ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നടപ്പിലാക്കിയ (S0013/23) താലൂക്ക് ആശുപത്രി തുറവൂർ, ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നുകൾ, കൺസ്യൂമബിൾസ്, മറ്റുള്ളവ വാങ്ങൽ എന്ന പദ്ധതിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഇൻവോയ്സ് നം. പി.എഫ് -506/തീയതി 29.06.2022 പ്രകാരം 16,11,828/- രൂപയും ഇൻവോയ്സ് നം. പി.എഫ് -1639/ തീയതി 13.10.2022 പ്രകാരം 10,74,500/- രൂപയും ഒട്ടാകെ 26,86,328/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫർ വഴി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0013 /23 |
| പ്രോജക്റ്റ് | താലൂക്ക് ആശുപത്രി തുറവൂർ,ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നുകൾ, കൺസ്യൂമബിൾസ്, മറ്റുള്ളവ വാങ്ങൽ |
| അടങ്കൽ | 30,00,000/-<br>(മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ഇൻവോയ്സ് നമ്പർ | 1) പി.എഫ് -506/തീയതി 29/06/2022<br>2) പി.എഫ് -1639 / തീയതി 13.10.2022 |
| ചെലവ് | ബിൽ തുക: 16,11,828/-<br>ട്രഷറി ബിൽ നമ്പർ: 24/22-23<br>തീയതി: 20.09.2022 |
| | ബിൽ തുക: 10,74,500/- |

| | |
|---|---|
| | ട്രഷറി ബിൽ നമ്പർ: 56/22-23<br>തീയതി: 06.12.2022 |

മേൽ സൂചിപ്പിച്ച "താലൂക്ക് ആശുപത്രി തുറവൂർ-ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നുകൾ, കൺസ്യൂമബിൾസ്, മറ്റുള്ളവ വാങ്ങൽ (S0013/23)" എന്ന പദ്ധതിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി 26,86,328/- രൂപ കൈമാറിയെങ്കിലും 18,46,460/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ എന്നും, 8,39,868/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ലെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:02, തീയതി:25.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-27 ഓഡിറ്റ് ഇംപാക്റ്റ് - കരാർ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കി

എഴുപുന്ന പഞ്ചായത്ത് വാർഡ് – 12 പനത്തറ മുതൽ മാളിയേക്കൽ വരെ റോഡ് ടൈലിംഗ് (പ്രോജക്റ്റ് നം. S0033/23) എന്ന പ്രവൃത്തി കരാറിൽ ഏറ്റെടുത്ത M/s Excelsior Enterprises എന്ന സ്ഥാപനത്തിന് ബിൽതുക നൽകിയപ്പോൾ ആദായനികുതി 1% നിരക്കിലാണ് ഈടാക്കിയിരുന്നത്. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. പ്രവൃത്തിയുടെ ആകെ മൂല്യമായ 3,59,887 രൂപയുടെ (ജി എസ് റ്റി ഒഴികെ) 2% തുക 7,198 രൂപയാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 3,599 രൂപ മാത്രമാണ് ഈടാക്കിയത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.4/25.09.2023) നൽകിയതിനെത്തുടർന്ന് 3,599 രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി ചലാൻ (നം. 26064/27.09.2023) പരിശോധനയ്ക്ക് ഹാജരാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പത്രപ്പരസ്യം - സർക്കാർ നിർദ്ദേശം പാലിച്ചില്ല - അധിക ചെലവിനിടയാക്കി

1) ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ' തരത്തിലല്ല – 1571 /- രൂപ അധിക ചെലവ്

സ.ഉ(അ)നം.01/04/ഐ&പി.ആർ.ഡി തീയതി 01.01.2004, പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 21.06.2004-ലെ 7441/ഡി-1/04/ഐ&പി.ആർ.ഡി നമ്പർ സർക്കുലർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ. വലിപ്പം) മാത്രമായിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക പദ്ധതികളുടെ ടെൻഡർ നടപടി ക്രമങ്ങൾക്ക് ദേശാഭിമാനി

പത്രത്തിൽ നല്കിയ പരസ്യം നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളതായിരുന്നു. തന്മൂലം അധിക ചെലവിനിടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| വൌച്ചർ നം/ ചെക്ക് നം. തീയതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം / നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|
| C.B No.40/2022-23 8638439 / 14-09-2020 | ALP/22-23/ 0618 05.07.2022 ദേശാഭിമാനി | 32 $Cm^2$ 220/$cm^2$ | 7040/- Discount 15% (-)1056 (+)GST (5%)299 =6283 | 3x8 =24 $Cm^2$ 24x220= 5280 Discount 15% (-)792 (+)GST (5%)224 =4712 | 1571 |

സർക്കാർ നിർദ്ദേശം പാലിക്കാതെ കൂടിയ വലിപ്പത്തിൽ പരസ്യം നല്കിയതു കാരണം 1,571/- രൂപയുടെ അധികച്ചെലവിനിടയായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/26.09.23) മറുപടി ഹാജരാക്കിയില്ല. 1,571/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) പത്രപരസ്യം – ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല – നഷ്ടം -1407/-

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 10.12.2020-ലെ ജി.ഒ(പി).നം.02/2020/ഐ&പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 12-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരള കൌമുദി ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യത്തിന് 15% ഡിസ്കൗണ്ട് ഇല്ലാതെയാണ് തുക അനുവദിച്ചത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ / തീയ്യതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | 5% ജിഎസ്ടി ഈടാക്കുന്നതിന് മുൻപുള്ള തുക | 15% ട്രേഡ് ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | C.B No.79 / 2022-23 9683999/ 01-11-2022 | BLALP00076784 / 23.09.22 കേരള കൌമുദി | 24x191 = 4584/- | 687/- |

| | | | | |
|---|---|---|---|---|
| | | | | |
| 2 | C.B No.49 / 2022-23<br>8282948/ 16-08-2022 | BLALP00078899 / 06.07.2022<br>കേരള കൌമുദി | 4800/- | 720/- |
| | ആകെ | | 9384/- | 1407/- |

സർക്കാർ നിർദ്ദേശ പ്രകാരം അർഹതയുള്ള ഡിസ്കൗണ്ട് ഇല്ലാതെ പരസ്യങ്ങൾക്ക് തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 07/26.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിസ്കൗണ്ട് ഇല്ലാതെ പരസ്യങ്ങൾക്ക് അധികം നൽകിയ 1,407/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 1,407/- രൂപ ബന്ധപ്പെട്ട പത്ര സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി വിവരം രേഖാ മൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പരസ്യം നൽകുമ്പോൾ ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത്തരത്തിൽ ചട്ട വിരുദ്ധമായി പത്രങ്ങളിൽ പരസ്യങ്ങൾ നൽകിയത് മൂലം ഡിസ്കൗണ്ട് ഇനത്തിലും, അനുവദനീയമായതിലും അധികം വലുപ്പത്തിൽ പരസ്യങ്ങൾ നൽകിയതിലൂടെയും ആകെ 2,978/- രൂപ അധികം ചെലവഴിച്ചു. ടെണ്ടർ/ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പ്രവൃത്തികളുടെ ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷ്വറൻസ് (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-, മാക്സിമം 5,00,000/-) എടുത്ത് സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ (നം.6) ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് രേഖകൾ ഹാജരാക്കിയതായി കാണുന്നില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽ നിന്നും 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ഫൈൻ ഈടാക്കിയതായും കാണുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | പട്ടണക്കാട് വാർഡ് 18 തുണ്ട്ചിറ വെട്ടയ്ക്കൽ ബി ബ്ലോക്ക് റോഡ് മെറ്റലിംഗും ടാറിംഗും S0085/23 | എൻ.ആർ.തിലകൻ നികർത്തിൽ കുത്തിയതോട് | 401474 | 803 | 460363/-<br>14/16.03.2023 |
| 2 | ഉറവൂർ പഞ്ചായത്ത് വാർഡ് 11 കാവിൽപാലം | എൻ ആർ തിലകൻ നികർത്തിൽ | 401052 | 802 | 462040/-<br>12/15.03.2023 |

| | | | | | |
|---|---|---|---|---|---|
| | കാട്ടിങ്കൽചിറ റോഡ് ടാറിംഗ് S0084/23 | കുത്തിയതോട് | | | |
| 3 | വയലാർ പഞ്ചായത്ത് വാർഡ് 12 ദേവുങ്കൽ കൊല്ലപ്പള്ളി റോഡ് ടാറിംഗ് S0071/23 | സി സി ഉണ്ണികൃഷ്ണൻ ചന്ദ്രഭവനം കളവംകോടം | 419245 | 838 | 493612/- 13/16.03.2023 |
| 4 | തുറവൂർ പഞ്ചായത്ത് വാർഡ് 7 അംബേദ്കർ പണിക്കർതുരുത്ത് റോഡ് മെറ്റലിംഗം ടാറിംഗം S0079/23 | സി.സി.ഉണ്ണികൃഷ്ണൻ ചന്ദ്രഭവനം കളവംകോടം | 399707 | 799 | 471383/- 26/28.03.2023 |
| 5 | അരൂർ പഞ്ചായത്ത് വാർഡ് 20 വള്ളാവുട്ടുക്കൽ തോട് കല്ലുകെട്ടും സ്ലാബിടലും S0087/23 | എം.സി. കുര്യാക്കോസ്, മൃലിപുത്തൻപുരയിൽ പട്ടിമറ്റം | 378339 | 757 | 443274/- 6/27.02.2023 |
| 6 | കോടംതുരുത്ത് പഞ്ചായത്ത് വാർഡ് 2 വൈപ്പിശ്ശേരി കൈലാസം റോഡ് ടൈലിംഗ് S0112/23 | പി.ജി.അനിൽകുമാർ പുത്തൻവെളി പാണാവള്ളി | 402124 | 804 | 470891/-30 /30.03.2023 |
| 7 | തുറവൂർ പഞ്ചായത്ത് വാർഡ് 18 പ്രതിഭ ഇല്ലിക്കൽ റോഡിന് സൈഡ് കല്ലുകെട്ട് S0096/23 | ശ്രീഗോവിന്ദ് ഗോവിന്ദസദനം CMC 17 | 377494 | 755 | 445443/- 263/21.01.2023 |
| 8 | എഴുപുന്ന പഞ്ചായത്ത് വാർഡ് 9 കാക്കത്തുരുത്ത് നടപ്പാത ടൈൽ വിരിക്കൽ 2nd റീച്ച് S0113/23 | മാത്യു കെ.എ. ഇമ്മാനുവൽനിവാസ് എഴുപുന്ന തെക്ക് | 513500 | 1027 | 602230/- 16/23.03.2023 |
| 9 | എഴുപുന്ന പഞ്ചായത്ത് വാർഡ് 9 കാക്കത്തുരുത്ത് നടപ്പാത ടൈൽ വിരിക്കൽ S0100/23 | സുശീലൻ പി. മുല്ലശ്ശേരിൽ തുറവൂർ | 442620 | 885 | 242922/- 27/28.03.2023 |
| 10 | ബ്ലോക്ക് ഓഫീസ് കോമ്പൌണ്ട് ടൈൽ പാകൽ ബാലൻസ് വർക്ക് S0125/23 | പി.എൻ. ഗോപാലകൃഷ്ണൻ മംഗലത്ത് കെ ആർ പുരം പി.ഒ. | 329923 | 660 | 388906/- 32/31.03.2023 |
| 11 | അരൂർ പഞ്ചായത്ത് വാർഡ് 16 പെരുമ്പറമ്പ് അങ്കണവാടി ഫുട്ട്പാത്ത് | മാർട്ടിൻ പി.വി. പാലക്കാട്ട് കടക്കരപ്പള്ളി | 482922 | 966 | 521362/- 17/23.03.2023 |

| | | | | | |
|---|---|---|---|---|---|
| | കല്ല് കെട്ടി ടൈൽ പാകൽ S0114/23 | | | | |
| 12 | തുറവൂർ പഞ്ചായത്ത് വാർഡ് 6 കുഴപ്പള്ളി കോളനിറോഡ് ടൈലിംഗ് S0093/23 | സോമി ജോസഫ് പനയ്ക്കാകുഴിയിൽ അരൂർ | 383436 | 767 | |
| 13 | കുത്തിയതോട് വാർഡ് 15 കരേച്ചിറ കളപ്പുരയ്ക്കൽ കാന നിർമ്മാണം S0095/23 | സുശീലൻ പി. മുല്ലശ്ശേരിൽ തുറവൂർ | 421854 | 844 | 456197/- 265/25.01.2023 |
| 14 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പാർട്ടീഷനിംഗും ബാലൻസ് വർക്കും പൂർത്തീകരിക്കൽS0127/23 | പി.എൻ. ഗോപാലകൃഷ്ണൻ മംഗലത്ത് കെ ആർ പുരം പി.ഒ. | 423469 | 847 | 499309/- 31/31.03.2023 |
| 15 | വയലാർ പഞ്ചായത്ത് വാർഡ് 2 പ്ലാശ്ശേരി മുണ്ടക്കൽത്തറ റോഡ് ഫോർമേഷൻ S0101/23 | സുനിൽകുമാർ പി. എസ്. ശാരദാനിലയം അന്ധകാരനഴി | 422418 | 845 | 420648/- 21/27.03.2023 |
| 16 | അരൂർ പഞ്ചായത്ത് വാർഡ് 7 മരുത്ത്തറ റോഡ് നിർമ്മാണവും പാർശ്വഭിത്തി നിർമ്മാണവും S0078/23 | സുനിൽകുമാർ പി. എസ്. ശാരദാനിലയം അന്ധകാരനഴി | 413342 | 827 | 485354/- 22/27.03.2023 |
| 17 | എഴുപുന്ന പഞ്ചായത്ത് വാർഡ് 1 അയ്യനംപറമ്പ് പാണ്ടോത്തുകരി റോഡ് ടൈലിംഗ് S0099/23 | സോമി ജോസഫ് പനയ്ക്കാകുഴിയിൽ അരൂർ | 767753 | 1536 | 438379/- 10/13.03.2021 (Part Bill) |
| 18 | കുത്തിയതോട് വാർഡ് 12 തെക്കേച്ചിറ കോളനി തോടിന് കല്ലുകെട്ട് S0119/23 | വർഗ്ഗീസ് റ്റി.ജെ. തഴപ്പിൽ ഹൌസ് അരൂർ | 1273243 | 2546 | 656256/- 19/27.03.2023 226287/- 29/28.03.2023 553271/- 63/30.06.2023 |
| 19 | കുത്തിയതോട് വാർഡ് 3 ചങ്ങരം കിഴക്ക് | സുശീലൻ പി. മുല്ലശ്ശേരിൽ തുറവൂർ | 422330 | 845 | 117123/- 397/26.03.2023 |

| | | | | | |
|---|---|---|---|---|---|
| | നടുവിലത്തറ കാനനിർമ്മാണവും സ്ലാബിടലും S0089/23 | | | | 69437/- 401/26.03.2023 (Part Bills) |
| 20 | തുറവൂർ പഞ്ചായത്ത് വാർഡ് 2ഹേലാപുരം മുരിക്കുംതറ തോടിന് കല്ലുകെട്ട് S0118/23 | സി.ആർ.ഷൈജു ചങ്ങരത്ത് പറയകാട് | 1135822 | 2272 | 400629/- 20/27.03.2023 151903/- 23/28.03.2023 785227/- 28/08.06.2023 |
| 21 | എഴുപുന്ന വാർഡ് 15 വഞ്ചിപ്പുരയ്ക്കൽ നരിയാണ്ടി കോളനി തോടിന് കല്ലുകെട്ട് S0120/23 | സി.എ.ബഷീർ ചിറയിൽ ഹൌസ് വയലാർ | 1326310 | 2653 | 520975/- 18/27.03.2023 (Part Bill) |
| | ആകെ | | | 23078 | |

പ്രസ്തുത വിഷയത്തിൽ വിശദീകരണവും ഇൻഷ്വറൻസ് എടുത്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.09.2023) മറുപടി ലഭ്യമാക്കിയില്ല. തുക 23,078 രൂപ ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാകുന്നതാണ്.

തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനു വേണ്ടിയാണ് ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിനാൽ കരാറുകാരെക്കൊണ്ട് പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് എടുപ്പിക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.

## 3-3 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ : ശ്രീ.തോമസ് സ്കറിയ, കൊറത്തറ, കണ്ണാടി
വയലാർ പഞ്ചായത്ത് വാർഡ് 5 കണ്ടത്തിക്കടവ് പ്രദേശത്ത് കായൽസൈഡ് കല്ലുകെട്ട് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ഈടാക്കേണ്ട കോമ്പൻസേഷൻ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. 2012-ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2116.1 അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തിയിൽ ആവശ്യമായ പുരോഗതി കൈവരിക്കുന്നതിലോ യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിലോ കരാറുകാരൻ പരാജയപ്പെട്ടാൽ അധികകാലത്തിന് പ്രതിവാരം കരാർ തുകയുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്.

പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരന് സൈറ്റ് കൈമാറിയത് 04.01.2022-ൽ ആണ്. പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചില്ലെന്നും എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാനും ആവശ്യപ്പെട്ട് 22.06.2022 – ൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് കത്ത് നൽകിയതായി കാണുന്നു. മറ്റ് വർക്കുകൾ ചെയ്തുകഴിഞ്ഞപ്പോൾ ടി വർക്ക് പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും വർക്കിൽ നിന്നും ഒഴിവാക്കണമെന്നും 01.07.2022-ൽ കരാറുകാരൻ അപേക്ഷിച്ചു. പ്രവൃത്തി അടിയന്തരമായി

പൂർത്തിയാക്കുവാനും കാലതാമസം ഉണ്ടായതിൽ എന്തെങ്കിലും കാരണം വിശദീകരിക്കാനുണ്ടെങ്കിൽ രേഖാമൂലം അറിയിക്കുവാനും അല്ലാത്തപക്ഷം നിയമനടപടികളുമായി മുന്നോട്ടുപോകുന്നതായിരിക്കുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ 26.10.2022-ൽ അറിയിച്ചു. 28.10.2022 ൽ കരാറുകാരൻ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകി. ശക്തമായ മഴയും മെറ്റീരിയൽസ് കിട്ടാനുള്ള ബുദ്ധിമുട്ടുമാണ് സമയം ദീർഘിപ്പിക്കുന്നതിനുള്ള കാരണമായി അപേക്ഷയിൽ പറഞ്ഞിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 13.03.2023-ലെ 1(2) തീരുമാനപ്രകാരം 2023 മാർച്ച് 31 വരെ സമയം ദീർഘിപ്പിച്ചുനൽകി. 01.07.2022-ലെ കരാറുകാരന്റെ അപേക്ഷയിൽ നിന്നും കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമാണ് പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം വന്നതെന്ന് വ്യക്തമാണ്. സമയം ദീർഘിപ്പിക്കുന്നതിന് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിക്കുള്ളിൽ കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല. ആയതിനാൽ കാലതാമസത്തിന് കരാറുകാരനിൽ നിന്നും താഴെപ്പറയും പ്രകാരം കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു.

സൈറ്റ് കൈമാറിയ തീയതി : 04.01.2022

എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 6 മാസം (03.07.2022)

യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തിയാക്കിയ തീയതി - 17.03.2023
അധികമായി എടുത്ത സമയം : 04.07.2022 മുതൽ 17.03.2023 വരെ 36 ആഴ്ച

എഗ്രീഡ് പി എ സി - 361892/-
പ്രതിവാരം കരാർ തുകയുടെ 0.1% പ്രകാരം ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ 361892X3.6% = 13028/-

എന്നാൽ കരാറുകാരനിൽ നിന്നും ഈയിനത്തിൽ തുക ഈടാക്കാതെയാണ് ഫൈനൽ ബിൽ തുക നല്കിയത്. ഇതുമൂലം 13,028/- രൂപയുടെ അധിക ചെലവുണ്ടായി. ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/25.09.2023) മറുപടി ലഭ്യമാക്കിയില്ല. 13,028/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

=======================================================

*പ്രോജക്ട് നം. S0025/23*
*അടങ്കൽ : 409300 (ധനകാര്യ കമ്മീഷൻ അവാർഡ്)*
*ചെലവ് : 404403/- Sanction Order No. 390/25.03.2023*
*അളവ് പുസ്തകം നം. 1/22-23*

## 3-4 റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം

ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ചില റോഡ് നിർമ്മാണ പ്രവൃത്തികളിൽ, Construction Of Subgrade And Earthen Shoulders With Approved Material Obtained From Borrow Pits, Construction Of Embankment With Approved Material Obtained From Borrow Pits എന്നീ ഇനങ്ങൾ ചെയ്തതിന്റെ അളവിൽ നിന്നും കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ ഫില്ലിംഗ് അളവിൽ നിന്നും 10% ഉം ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 5% ഉം കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. കൺസോളിഡേഷൻ കുറവാക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/25.09.2023), പ്രവൃത്തികൾ ചെയ്തപ്പോൾ Static Roller ഉപയോഗിച്ച് നന്നായി Compact ചെയ്ത് ആവശ്യമായ കൺസോളിഡേഷൻ ലഭിച്ചതിനു ശേഷം കുഴിയെടുത്ത് പരിശോധിച്ചാണ്

കനം എഴുതിയിരിക്കുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള വിവരങ്ങൾ അളവുപുസ്തകത്തിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഫില്ലിംഗ് അളവിൽ നിന്നും 5% കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതു മൂലം താഴെപ്പറയും പ്രകാരം കരാറുകാർക്ക് അധികം തുക നല്കാനിടയായി.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ ടെൻഡർ കുറവ് | ഫില്ലിംഗ് അളവ് | 5% കൺസോളിഡേഷൻ കുറവ് ചെയ്ത ശേഷം അനുവദിക്കാവുന്ന അളവ് | അധികം | ബിൽനം./ തീയതി |
|---|---|---|---|---|---|---|
| 1 | എഴുപുന്ന പഞ്ചായത്ത് വാർഡ് 12 പനത്തറ മുതൽ മാളിയേക്കൽ വരെ റോഡ് ടൈലിംഗ് S0033/23 | M/s Exelsior Enterprises 1/22-23 | 48.319$m^3$ | 45.90$m^3$ | 2.416$m^3$ @ 1110.20/m3 = 2682 + GST483 | 2/ 03.11.2022 424667/- |
| 2 | പട്ടണക്കാട് വാർഡ് 18 തുണ്ട്ചിറ വെട്ടക്കൽ ബി ബ്ലോക്ക് റോഡ് മെറ്റലിംഗും ടാറിംഗും S0085/23 | എൻ.ആർ. തിലകൻ, നികർത്തിൽ, കുത്തിയതോട് | 40.279$m^3$ | 38.265 $M^3$ | 2.01@1120=2251 + GST 405 | 460363/- 14/16.03.2023 |
| 3 | തുറവൂർ പഞ്ചായത്ത് വാർഡ് 11 കാവിൽപാലം കാട്ടിങ്കൽചിറ റോഡ് ടാറിംഗ് S0084/23 | എൻ.ആർ. തിലകൻ, നികർത്തിൽ, കുത്തിയതോട് | 33.931 | 32.23$m^3$ | 1.7@1180= 2006+ GST 361 | 462040/- 12/15.03.2023 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | ആകെ | | | | | 6939+ 1249 (GST) = 8188/- | |

കൺസോളിഡേഷൻ കുറവ് ചെയ്യാത്തതു മൂലം കരാറുകാർക്ക് അധികമായി നല്കിയ 8188/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 8188/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാകുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പട്ടണക്കാട് ഗ്രാമപഞ്ചായത്ത് | 2022-23 | 4,90,000/- | പി എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 4,90,000/- | 0 |
| പട്ടണക്കാട് ഗ്രാമപഞ്ചായത്ത് | 2022-23 | 4,90,000/- | എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി എസ് സി പി | 4,90,000/- | 0 |
| വയലാർ ഗ്രാമ പഞ്ചായത്ത് | 2022-23 | 2,10,000/- | പി എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 2,10,000/- | 0 |
| വയലാർ ഗ്രാമ പഞ്ചായത്ത് | 2022-23 | 2,10,000/- | എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 2,10,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | എസ് സി പി | | |
| തുറവൂർ ഗ്രാമ പഞ്ചായത്ത് | 2022-23 | 4,20,000/- | പി എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 4,20,000/- | 0 |
| തുറവൂർ ഗ്രാമ പഞ്ചായത്ത് | 2022-23 | 8,40,000/- | എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി എസ് സി പി | 8,40,000/- | 0 |
| കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | 2022-23 | 4,20,000/- | എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി എസ് സി പി | 4,20,000/- | 0 |
| കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | 2022-23 | 70,000/- | പി എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 70,000/- | 0 |
| കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | 2022-23 | 70,000/- | എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി എസ് സി പി | 70,000/- | 0 |
| എഴുപുന്ന ഗ്രാമ പഞ്ചായത്ത് | 2022-23 | 4,90,000/- | പി എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 4,90,000/- | 0 |
| എഴുപുന്ന ഗ്രാമ പഞ്ചായത്ത് | 2022-23 | 2,80,000 | എം എ വൈ (ജി) ആവാസ് പ്ലസ് ഭവന | 2,80,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി എസ് സി പി | | |
| അരൂർ ഗ്രാമ പഞ്ചായത്ത് | 2022-23 | 1,40,000/- | പി എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 1,40,000/- | 0 |
| എഴുപുന്ന ഗ്രാമ പഞ്ചായത്ത് | 2022-23 | 3,50,000 | എം എ വൈ (ജി) ആവാസ് പ്ലസ് | 210000 | 140000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 17,68,000 | എം എ വൈ (ജി) ആവാസ് പ്ലസ് ഭവന പദ്ധതി | 1768000 | 0 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ പി.എച്ച്. ഡിവിഷൻ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2022-23/P/23 Dated 17.08.2022 | 3,95,000/- | ലഭ്യമല്ല | ലഭ്യമല്ല |
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ പി.എച്ച്. ഡിവിഷൻ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2022-23/P/28 Dated 21.10.2022 | 1,32,000/- | ലഭ്യമല്ല | ലഭ്യമല്ല |
| കേരള | പൈപ്പ് | XVFC/2022-23/P/90 | 3,40,000/- | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി, ആലപ്പുഴ പി.എച്ച് ഡിവിഷൻ | ലൈൻ എക്സ്റ്റൻഷൻ | Dated 17.03.2023 | | | |
| ആകെ | | | 867000/- | | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 14,25,06,620 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,11,77,514 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47,272 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 77,60,513 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 2,978 | ശ്രീ.സക്കീർ ഹുസൈൻ എച്ച്, സെക്രട്ടറി |
| 3-2 | | 23,078 | ശ്രീമതി ദിവ്യ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 13,028 | ശ്രീമതി ദിവ്യ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 3,165 | ശ്രീ.അലിസ്റ്റർ ജോസഫ് വാൻറേക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 5,023 | ശ്രീമതി ദിവ്യ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 47,272 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 60,000 | ശ്രീ.സക്കീർ ഹുസൈൻ എച്ച്., സെക്രട്ടറി, 11.01.2023- ലെ കമ്മറ്റിയിൽ പങ്കെടുത്ത ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ |
| 1-11 | 23,17,500 | ശ്രീ.സക്കീർ ഹുസൈൻ എച്ച്., സെക്രട്ടറി |
| 1-21 | 44,59,570 | ശ്രീ.സക്കീർ ഹുസൈൻ എച്ച്., സെക്രട്ടറി |
| 1-22 | 8,67,000 | ശ്രീ.സക്കീർ ഹുസൈൻ എച്ച്., സെക്രട്ടറി |
| 1-23 | 56,443 | ശ്രീ.സക്കീർ ഹുസൈൻ എച്ച്., സെക്രട്ടറി |
| ആകെ | 77,60,513 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-19

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീ.സക്കീർ ഹുസൈൻ എച്ച് | സെക്രട്ടറി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | നൌറിൻ വില്ല, പുന്നപ്ര പി.ഒ. ആലപ്പുഴ -688004 |
| ശ്രീമതി വിജയകുമാരി | അരൂർ വെസ്റ്റ് ഡിവിഷൻ അംഗം | ചക്കനാട്, അരൂർ പി.ഒ. 688534 |
| ശ്രീമതി മേരി ദാസൻ | അരൂർ ഈസ്റ്റ് ഡിവിഷൻ അംഗം | തത്തങ്കേരി, അരൂർ പി.ഒ. 688534 |
| ശ്രീ.എൻ.കെ.രാജീവൻ | എരമല്ലൂർ ഡിവിഷൻ അംഗം | രാജി ഭവൻ, എരമല്ലൂർ പി.ഒ. 688537 |
| ശ്രീ. ആർ ജീവൻ | ചമ്മനാട് ഡിവിഷൻ അംഗം | പുത്തൻവേലിൽ, എഴുപുന്ന 688537 |
| ശ്രീമതി ലത ശശിധരൻ | കുത്തിയതോട് ഡിവിഷൻ അംഗം | തറയിൽ തുറവൂർ പി.ഒ. 688532 |
| ശ്രീമതി ഗീത ഷാജി | നാലുകുളങ്ങര ഡിവിഷൻ അംഗം | കൊറ്റിനാട്, തിരുമല പി.ഒ. – 688540 |
| ശ്രീ.അനീഷ് എ.യു. | തുറവൂർ ഡിവിഷൻ അംഗം | അറക്കേതറ കിഴക്കേ നികർത്ത്, വളമംഗലം വടക്ക് തുറവൂർ പി.ഒ. 688532 |
| ശ്രീ.വി.കെ.സാബു | വയലാർ ഡിവിഷൻ അംഗം | ഷാജി ഭവൻ, വയലാർ കളവംകോടം 688524 |
| ശ്രീമതി അർച്ചന ഷൈൻ | കളവംകോടം ഡിവിഷൻ അംഗം | നന്ദവനം കളവംകോടം 688524 |
| ശ്രീമതി ജയ പ്രതാപൻ | വെട്ടയ്ക്കൽ | കൈതവളപ്പിൽ |

| | | |
|---|---|---|
| | ഡിവിഷൻ അംഗം | അന്ധകാരനഴി |
| ശ്രീമതി മേരി ടെൽഷ്യ വി.വി. | മനക്കോടം ഡിവിഷൻ അംഗം | നമ്പ്യാത്തുശ്ശേരിൽ പള്ളിത്തോട് |
| ശ്രീ.എൻ.സജി | ചങ്ങരം ഡിവിഷൻ അംഗം | പുത്തൻ പുരയിൽ, തുറവൂർ തിരുമല ഭാഗം 688540 |
| ശ്രീ.അലിസ്റ്റർ ജോസഫ് വാൻറേക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആലപ്പുഴ മുനിസിപ്പാലിറ്റി | കാർമൽ ഹൌസ്, ചേംബർ റോഡ്, ആലപ്പുഴ |
| ശ്രീമതി ദിവ്യ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | വെള്ളാപ്പള്ളി ഹൌസ്, കനാൽ വാർഡ്, ആലപ്പുഴ-688007 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 18.03.2014 |
| 2002-03 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2003-04 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2005-06 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2006-07 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2010-11<br>2011-12 | എൽ.എഫ്.എ.ബി.പി-533/13/19.10.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി-246/15/4.03.15/9.04.2015 |
| 2013-14 | കെ.എസ്.എ-എ.പി.ബി.പി/1206/16 |

| | |
|---|---|
| | തീയതി : 03.04.2017 |
| 2014-15<br>2015-16 | കെ.എസ്.എ-എ.എൽ.പി.ബി.പി/1167/2016<br>തീയതി : 26.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.ബി.പി./1372/2017<br>തീയതി : 08.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി.ബി.പി./1469/2018<br>തീയതി : 06.10.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി.ബി.പി./872/2019<br>തീയതി: 09.10.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി.ബി.പി./530/2022<br>തീയതി:23.05.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി.ബി.പി./531/2022<br>തീയതി:05.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി.ബി.പി./482/2023<br>തീയതി:12.05.2023 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 29-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pattanakkad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pattanakkad Block Panchayat for the year 2022-2023

Date: 03/11/2023

Senior Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Pattanakkad Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All the papers as per accounting rules are not included in the annual accounts.
2. Cash flow statement- does not reflect the correct figure.
3. A register is not maintained in a way that validates the amounts in the annual accounts.
4. The register required to verify the Accuracy of amounts as per Schedule RP - 5 not produced for verification.
5. The grant amount remaining to be spent does not match the bank account balance in which it is

deposited.

6. The register required to verify the correctness of the amounts added as liability as per schedule B4 of the balance sheet was not produced.

7.The amount available under the value added tax (VAT) item in Schedule B9 remains liable.

8.Re-conciliation statement of accounts not produced.

9.The interest income for the amount received for the Hariyali project has remained in receipt & payment over the years.

10. The records were not made available to verify the accuracy of the amount deposited in the account Grants, Funds & Contribution for Specific Purposes Other Financial Institutions.

11. Gram Panchayat allocations per month as per Sulekha Expenditure Sheet and Annual Account do not match.

12. The cost of the amount received by the Zilla Panchayat is not included in the annual figure.

13.The capital reserves do not exactly include all the amounts created by the projects during the year.

14. In the case of Finance Commission grants, the total expenditure as per Annual Estimates and Sulekha Expenditure Sheetdoes not match.

15. In the case of Development Fund (General) Grants, Annual Accounts and Expenditure amounts under ACR do not agree.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്